**പതിനാലാം കേരള നിയമസഭ**

**10-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 578** — **27.02.2018 -ൽ മറുപടിയ്ക്ക്**

**ബീച്ച് ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, എം. വിൻസെന്റ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എത്ര കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;<br><br>(ബി) ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിയ കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ; | (എ) & (ബി) പ്രത്യേക പദ്ധതിയായി ഇതു നടപ്പിലാക്കിയിട്ടില്ല. എന്നാൽ ബീച്ചുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും സൗന്ദര്യവത്കരണവും ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനും പ്രാധാന്യം നൽകിയുള്ള പദ്ധതികൾ പ്രധാന ബീച്ചുകളിൽ ഏർപ്പെടുത്തി വരുന്നുണ്ട്. ബിച്ചുകളിൽ ടൂറിസ്റ്റുകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഇരിപ്പിടങ്ങൾ നടപ്പാതകൾ , മുന്നറിയിപ്പ് ബോർഡുകൾ, ലൈഫ് ഗാർഡ് സേവനം , പോലീസ് എയ്ഡ്പോസ്റ്റ്, പോലീസ് പെട്രോളിംഗ് മറ്റ് സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പല ബീച്ചുകളിലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ കാലാകാലങ്ങളിൽ പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) അറ്റകുറ്റപണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് വിവിധ ഏജൻസികളുമായി എഎംസി ഏർപ്പെടുത്തി വരുന്നു. |
| (ഡി) ഇവിടെ എത്തുന്ന ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) ലൈഫ് ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ